# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/1821A/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/1821A/2022 തീയ്യതി: 22/03/2023

## കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി സിജാറാണി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി അമ്പിളി (സീനിയർഗ്രേഡ് ഓഡിറ്റർ)
ശ്രീ. രാകേഷ് (സീനീയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി അദബിയ നാസറുദ്ദീൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജോയി മോഹൻ | സെക്രട്ടറി | 01-04-2021 | 18-04-2021 |
| ശ്രീ.ശശികുമാർ | സെക്രട്ടറി (I/c) | 19-04-2021 | 30-04-2021 |
| ശ്രീജോയി മോഹൻ | സെക്രട്ടറി | 01-05-2021 | 30-05-2021 |
| ശ്രീ.ശശികുമാർ | സെക്രട്ടറി (I/c) | 31-05-2021 | 18-06-2021 |
| ശ്രീജോയി മോഹൻ | സെക്രട്ടറി | 19-06-2021 | 27-06-2021 |
| ശ്രീ. കെ. സജിജോൺ | സെക്രട്ടറി | 28-06-2021 | 31-03-2022 |
| ശ്രീ.ശശികുമാർ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-07-2021 |
| ശ്രീമതി വനജ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-08-2021 | 31-03-2022 |
| ശ്രീ അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ബിന്നി സാമുവൽ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീകുമാർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 20-04-2021 |
| ഡോ. മീരാ റാണി | മെഡിക്കൽ ഓഫീസർ ഹോമിയോ | 21-04-2021 | 31-03-2022 |
| ശ്രീ.ജിജി ഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2021 | 31-03-2022 |
| ശ്രീമതി ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജുമോൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിത്യ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷ്മി ശ്രീ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2021 | 12-08-2021 |
| ഡോ. അനീഷ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 13-08-2021 | 29-08-2021 |
| ഡോ. കൃപാ.കെ.മൂർത്തി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 30-08-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ബാബു സാമുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി ഗ്രീഷ്മാ. ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | പഞ്ചായത്ത് കടമുറികളുടെ വാടക പൂർണമായും ഈടാക്കിയിട്ടില്ല. | 1-11 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 15 | കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം വിതരണം ചെയ്യാതെ അവശേഷിക്കുന്നു. | 1-13 |
| 16 | കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 1-14 |
| 17 | ഹോമിയോ - തുക നൽകിയിട്ടും മരുന്നു ലഭ്യമായില്ല | 1-15 |
| 18 | ലൈഫ് ഭവനപദ്ധതി - വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 19 | ഭവനപുനരുദ്ധാരണം പണി പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 20 | ഒ.ഡി.എഫ്, ഒ.ഡി.എഫ് പ്ലസ്അഡ്വാൻസായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 21 | എസ്.സി. കുട്ടികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 22 | തനതുഫണ്ടിൽ നിന്നും അനുവദിച്ച തുകയ്ക്ക് മരുന്നു വാങ്ങാതെ തുക അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-20 |
| 23 | വാങ്ങുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല. | 1-21 |
| 24 | പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, തുകയുടെ വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 25 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി മാർഗ്ഗരേഖ പാലിക്കാതെ സബ്സിഡി അധികം നല്കി | 1-23 |
| 26 | വൈദ്യശാല - കനാൽ റോഡ് റീ കോൺക്രീറ്റ് - കൺവീനർക്ക് അധികം തുക | 1-24 |

| | | |
|---|---|---|
| | നൽകി - നിരാകരണം - 4588/- രൂപ | |
| 27 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല - 2,86,9673/-രൂപ | 1-25 |
| 28 | പ്രോജക്ട് നം. 119/22 - പാലിന് സബ്സിഡി (സ്പിൽ ഓവർ) - അധിക നിരക്കിൽ അനുവദിച്ചു. | 1-26 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വൈദ്യശാല - കനാൽ റോഡ് റീ കോൺക്രീറ്റ് - കൺവീനർക്ക് അധികം തുക നൽകി - നിരാകരണം - 4,588/- രൂപ | 3-1 |
| 2 | കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

19-2-21 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10-08-2022 തീയതിയിലെ 4/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 19-8-2022 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന വരവ്-ചെലവ് കണക്കുകളിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി, അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻബാക്കിയായ 15,98,117/- രൂപയോടൊപ്പം 16,20,201/- രൂപ തൻവർഷം നൽകിയതിൽ 13,46,313/- രൂപ ക്രമീകരിച്ചിട്ടുണ്ട്. ബാക്കി ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 18,72,005/- ആണ്, എന്നാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 15,98,117/- രൂപ തന്നെയാണ്.

2) ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം വരെയുള്ള വായ്പാ/വായ്പാ തിരിച്ചടവ് വിശദാംശങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ലോൺ വരവ് തുകയിൽ ലൈഫ് ഭവനപദ്ധതിക്കായി ലഭിച്ച സംസ്ഥാനവിഹിതവും വരവിൽ ഉൾപ്പെട്ട് വന്നിട്ടുണ്ട്. ആയതിനാൽ രജിസ്റ്ററിലെ വിവരങ്ങൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3) ബാലൻസ് ഷീറ്റിൽ കാപ്പിറ്റൽ വർക്ക്-ഇൻ പ്രോഗ്രസ്സ് ആയി ഉൾപ്പെടുത്തിയിരിക്കുന്ന തുക 2,16,957/- രൂപയാണ്, എന്നാൽ 21-22 സാമ്പത്തിക വർഷത്തെ കാപ്പിറ്റൽ വർക്ക്-ഇൻ പ്രോഗ്രസ്സ് 3,48,431/- രൂപയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

4) തൊഴിലില്ലായ്മ വേതനമിനത്തിൽ തൻവർഷത്തെ വരവ്-ചെലവ് 75,960/- രൂപയാണെന്നിരിക്കെ വാർഷിക കണക്കിൽ 12,600/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

5) RP-30 പത്രികയിൽ TSC ഇനത്തിൽ 1,19,392/-രൂപയാണ് വരവായി വന്നിട്ടുള്ളത്. കൂടാതെ ഗുണഭോക്താക്കൾക്ക് ഡിബിറ്റി ആയി നൽകിയ തുക തിരികെ വന്നതിൽ 12,000/-രൂപ കൂടി ചെലവഴിക്കപ്പെടാതെ അവശേഷിച്ചിട്ടുണ്ട്.

6) RP_40(b) -40321336234, Donations Related To Pandemic -എന്ന അക്കൗണ്ടിൽ നീക്കിയിരിപ്പ് 9,596/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 10,000/-രൂപ ആണ്.

7) ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്കിലെ (അക്കൗണ്ട് നം- 6840) 31-02-2022 ലെ ബാങ്ക് ബുക്ക്-പാസ്സ് ബുക്ക് പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന കാലാവധി കഴിഞ്ഞ പണമാക്കാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിൽ "Liability In Respect Of Stale Cheque" ആയി ഉൾപ്പെടുത്തിയിട്ടില്ല.

| തുക | ചെക്ക് നം-തീയതി |
|---|---|
| 7396/- | 934587/31-03-2019 |
| 25000/- | Jk1932805/23-01-2020 |

8) ACR പ്രകാരം CFC(B) ഗ്രാന്റ് ബാങ്ക് നീക്കിയിരിപ്പ് 11,80,716/- രൂപയാണ്. എന്നാൽ ബാങ്ക് അക്കൌണ്ടിൽ (B-4 ഷെഡ്യൂൾ) 11,56,641/- രൂപയാണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. 24,075/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

9) എസ്.സി.പി – സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1,20,569/- രൂപ, വികസന ഫണ്ട് (ജനറലിൽ) നിന്നും കുറവ് വരുത്തിയിരിക്കുന്നതായാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,85,13,124/- രൂപ |
| വരവ് | 10,96,22,360/- രൂപ |
| ആകെ | 12,81,35,484/- രൂപ |
| ചെലവ് | 10,06,40,457/- രൂപ |
| നീക്കിയിരിപ്പ് | 2,74,95,027/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,338/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,64,929/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | അഭിപ്രായം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,02,62,802 | 2,02,62,802 | 1,99,79,402 | 2,83,400 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 90,46,100 | 90,46,100 | 55,07,754 | 35,38,346 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Basic) | 0 | 1,14,276 | 1,14,276 | 1,14,276 | 0 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Tied) | 0 | 55,88,000 | 55,88,000 | 27,88,640 | 27,99,360 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Untied) | 0 | 37,26,000 | 37,26,000 | 25,69,359 | 11,56,641 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (പെർഫോമൻസ് ഗ്രാന്റ്) | 0 | 84,06,486 | 84,06,486 | 21,44,585 | 62,61,901 | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,30,86,416 | 1,30,86,416 | 61,95,176 | 68,91,240 | |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 0 | 96,31,366 | 96,31,366 | 53,10,282 | 43,21,084 | |
| സംസ്ഥാനാവിഷ്കൃതം | | | | | | |
| ശുചിത്വ മിഷൻ | 39,78,561 | 0 | 39,78,561 | 13,60,730 | 26,17,831 | |
| സാക്ഷരത | 94,968 | 3,805 | 98,773 | 0 | 98,773 | |
| ജനകീയ പാർപ്പിടം | 64,395 | 1,887 | 66,282 | 0 | 66,282 | |
| Coir Geo – അവാർഡ് | 0 | 1,00,000 | 1,00,000 | 0 | 1,00,000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഐസിഡിഎസ് | 10,41,206 | 12,52,963 | 22,94,169 | 11,67,144 | 11,27,025 | |
| എംജിഎൻആർഇജിഎസ് | 3,546 | 14,25,340 | 14,28,886 | 14,25,215 | 3,671 | |
| റ്റി.എസ്.സി | 10,20,824 | 1,19,392 | 11,40,216 | 0 | 11,40,216 | |
| എസ്.എസ്.എ | 8,129 | 325 | 8,454 | 0 | 8,454 | |
| ടോട്ടൽ സാനിട്ടേഷൻ | 0 | 24,000 | 24,000 | 0 | 24,000 | |

വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടാതിരിക്കുന്ന വിവരം അക്കൗണ്ട്സിലെ അപാകതകളിൽ (ഖണ്ഡിക-1-2-1) ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 13,16,02,624 | 114 | 5,70,77,156 | 50 | 56 | 43.37 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,546 | 14,25,340 | 14,25,215 | 14,21,546 | 3,671 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,42,22,182 | 6,42,22,182 | 6,42,22,182 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12,600 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 49,64,600 | 3319 |
| വിധവാപെൻഷൻ | 2,40,21,000 | 16401 |
| വാർദ്ധക്യകാലപെൻഷൻ | 4,18,84,600 | 29219 |
| വികലാംഗപെൻഷൻ | 67,39,000 | 4332 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 5,87,200 | 425 |
| വിധവകളുടെ പെൺമക്കൾക്കു വിവാഹധനസഹായം | 3,30,000 | 11 |

### 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

വിളക്കുടി ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ചിന്നമ്മ, ISഫീൽഡ് എസ്റ്റേറ്റ് , നെടുമ്പാറ, ആര്യങ്കാവ് | വാർദ്ധക്യകാല പെൻഷൻ | 103360200201 | 3-9-21 | 9/21-8/22 | 19,200/- |
| 2 | കുഞ്ഞുകുഞ്ഞു കുട്ടി, കണ്ണമ്പള്ളിൽ താഴതിൽ | വാർദ്ധക്യകാല പെൻഷൻ | 103230200871 | 9-12-21 | 12/21-2/22 | 4,800/- |
| 3 | ഉമ്മർകണ്ണ് റാവുത്തർ , പള്ളി വടക്കതിൽ | കർഷക തൊഴിലാളി പെൻഷൻ | 103230100208 | 14-11-21 | 11/21-8/22 | 16,000 |
| 4 | ബാലകൃഷ്ണൻ ആചാരി | വാർദ്ധക്യകാല പെൻഷൻ | 103230200578 | 14-10-21 | 10/21-8/22 | 17,600 |
| 5 | ചിന്നമ്മ(അന്നമ്മ), മുട്ടശ്ശേരി | വിധവാ പെൻഷൻ | 103230600034 | 20-9-21 | 9/21-8/22 | 19,200 |
| | | | | | | ആകെ 76,800/- |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മരണശേഷം അനുവദിച്ച പെൻഷൻ തുക 76,800/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-9-22 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 69,054/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/5/2022-17/5/2022 | 10/21-3/22 | 17-5-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/16 | 2012-13 മുതൽ 2015-16 വരെ | 28-3-2017 |

1-11 പഞ്ചായത്ത് കടമുറികളുടെ വാടക പൂർണമായും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കടമുറികൾ വാടകയ്ക്ക് നൽകിയതിൽ താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും വാടക പൂർണമായും ഈടാക്കിയിട്ടില്ല.

1. ശ്രീ ബിജു കുമാർ, ചരുവിൽ പുത്തൻ വീട്, ഇളമ്പൽ എന്ന വ്യക്തി വാടകയ്ക്ക് എടുത്ത EM-2 നമ്പർ കടമുറിയുടെ ഒക്ടോബർ 2021 മുതൽ 2022 മാർച്ച് മാസം വരെയുള്ള കാലയളവിലെ 3,450/- രൂപ ഒടുക്കിയിട്ടില്ല.

2. ശ്രീ. ഗോപാലകൃഷ്ണൻ, ലക്ഷ്മി വിലാസം, ഇളമ്പൽ എന്ന വ്യക്തി വാടകയ്ക്ക് എടുത്ത EM-1 എന്ന കടമുറിയുടെ 2022 മാർച്ച് മാസത്തിലെ 1,552/- രൂപ വാടക ഒടുക്കിയിട്ടില്ല.

മേൽപറഞ്ഞ വാടക കുടിശ്ശിക എത്രയും വേഗം പിഴ പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 15/01.10.2022

1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ആവണീശ്വരം സർവീസ് സഹകരണ ബാങ്ക് കുന്നിക്കോട്
2. ഇളമ്പൽ സർവീസ് സഹകരണ ബാങ്ക്
3. കെ. എസ്. ഇ. ബി. ഇളമ്പൽ
4. ഡി.ഡി.ആർ.സി. കുന്നികോട്
5. ബി.എസ്.എൻ.എൽ., കുന്നിക്കോട്
6. സെൻട്രൽ ബാങ്ക്, കുന്നികോട്

മേൽപ്പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 16/01.10.2022

1-13 കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

പ്രോജക്റ്റ്. നം. 46/22

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി ഡോക്ടർ

അടങ്കൽ തുക - 3,00,000/- രൂപ ( മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് )

പ്രോ. നം. 46/22 ആയി വെറ്ററിനറി ഡോക്ടർ നടപ്പാക്കിയ പദ്ധതിയാണ് കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം നൽകൽ (വനിത). പഞ്ചായത്തിലെ 303 കറവ പശുക്കൾക്ക് 110/- രൂപ വിലയുള്ള 9 കേരമിൻ പാക്കറ്റുകൾ വീതം ആകെ 2727 പാക്കറ്റുകൾ വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി. കുറഞ്ഞ ക്വട്ടേഷൻ പ്രകാരം രാജാ മെഡിക്കൽസ്, കുണ്ടറ എന്ന സ്ഥാപനത്തിൽ നിന്നും 2,99,970/- രൂപ ചെലവഴിച്ച് 2727 പാക്കറ്റ് കേരമിൻ വാങ്ങി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 03.01.2022 ൽ ലഭ്യമായ ടി പാക്കറ്റുകളിൽ നാളിതുവരെ 1026 എണ്ണം മാത്രമാണ് വിതരണം നടത്തിയത്. 1701 പാക്കറ്റുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് നടത്തിയ പദ്ധതി ആയിട്ടും പൂർണമായും വിതരണം നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതെ അവശേഷിച്ചിരിക്കുന്ന 1701 എണ്ണം കേരമിൻ പാക്കറ്റുകൾക്കായി ചെലവഴിച്ച 1,87,110/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പാക്കറ്റുകളുടെ വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 17/01.10.2022

തടസ്സം – 1,87,110/- രൂപ

1-14 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ - 23/22, വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.സി. വിഭാഗം)

ഫണ്ട് - 6,96,000/- രൂപ (എസ്.സി.പി )

ചെലവ് - 6,96,000/- രൂപ (ബിൽ നം- 12/2021-22/17-02-2022- 3,48,000/- രൂപ,

ബിൽ നം - 13/2021-22/25-02-2022- 3,48,000/- രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം സർക്കാർ ഏജൻസിയായ ആർട്ട്കോ ലിമിറ്റഡിൽ നിന്നും 4,350/-രൂപ ക്രമത്തിൽ 160 എണ്ണം കട്ടിലുകൾ വാങ്ങി (കാഷ് ഇൻവോയ്സ് നം. 215/14-02-2022 പ്രകാരം 80 എണ്ണം, കാഷ് ഇൻവോയ്സ് നം. 234/24-02-2022 പ്രകാരം 80 എണ്ണം, കാഷ് ഇൻവോയ്സ് നം 231/22-02-2022 പ്രകാരം 40 എണ്ണം). കട്ടിലുകളുടെ വിതരണ വിശദാംശങ്ങൾ പ്രകാരം ആകെ 155 കട്ടിലുകളുടെ കൈപ്പറ്റ് വിവരമാണ് ഉള്ളത്. അവശേഷിക്കുന്ന കട്ടിലുകൾ വിതരണം നടത്തിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ട് പോയതിനാലും തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽപ്പെട്ടവരല്ലെന്ന് അറിഞ്ഞതിനാലും കട്ടിലുകൾ വിതരണം നടത്താതെ ഗവ. ആയുർവേദ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണെന്നും അടുത്ത വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. നൽകിയ മറുപടി പ്രകാരം എസ്.സി. വിഭാഗത്തിനുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കളായി എസ്.സി. വിഭാഗത്തിലല്ലാത്തവർ ഇടം നേടിയത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചയാണ് വെളിവാക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ച ശ്രദ്ധിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും കട്ടിലുകളുടെ തുകയായ 21,750/- രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 4/ 27-09-2022

നിരാകരണം - 21,750/- രൂപ

1-15 ഹോമിയോ - തുക നൽകിയിട്ടും മരുന്ന് ലഭ്യമായില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മരുന്നിനായി തുക നൽകിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ – 26/22

പ്രോജക്ട് – ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ – 1,00,000/- രൂപ

ചെലവ് – 1,00,000/- രൂപ

ഫണ്ടിനം – മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

ബിൽ നമ്പർ – 1/4-1-22

പെർഫോർമാ ഇൻവോയ്സ് നമ്പർ PF 760/12-10-21 പ്രകാരം 1,00,000/- രൂപ നൽകിയെങ്കിലും നാളിതുവരെ 49,908/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. (ഇൻവോയ്സ് നമ്പർ LF 84/30-5-2022). ശേഷിക്കുന്ന 50,092/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിന് മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശേഷിക്കുന്ന മരുന്ന് ലഭ്യമാക്കാനായി 8/8/2022 തീയതിയിൽ തന്നെ ഹോംകോയ്ക്ക് കത്ത് നൽകിയെന്നും ഉടനടി മരുന്ന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതുവരെ 50,092/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 1/26-9-22

തടസ്സം – 50,092/- രൂപ

1-16 ലൈഫ് ഭവനപദ്ധതി - വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയലൈഫ് ഭവനപദ്ധതി പ്രോജക്ടുകളിൽ മുൻവർഷം എഗ്രിമെന്റ് വെച്ച് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പ്രോജക്ട് | പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|
| ലൈഫ് മിഷൻ ഭവനപദ്ധതി ഘട്ടം 2,3 195/22 | എലിയാമ്മ ലൂക്കോസ്, മൈലാട്ടുംപാറ | 3,00,000/- |
| | ബിന്ദു, മേലാറ്റിവിള വീട് | 3,00,000/- |
| | ഷാജി, ഷാജിഭവനം | 3,00,000/- |
| | ഉമൈബ, വേങ്ങവിള | 2,00,000/- |
| | സുജാതാ ദിലീപ് റീഞ്ചുഭവനം | 3,00,000/- |
| | സുമതി, രത്നം ആചാരി | 2,00,000/- |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം നടത്തികൊണ്ടിരിക്കുകയാണെന്നും ഈ സാമ്പത്തികവർഷം തന്നെ പണി പൂർത്തീകരിപ്പിക്കുന്നതാണെന്നും മറുപടി നൽകി. പണി പൂർത്തീകരിപ്പിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 7/28-9-22

1-17 ഭവനപുനരുദ്ധാരണം പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവഹണം നടത്തിയ ഭവനപുനരുദ്ധാരണം പ്രോജക്ടുകളിൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ, പ്രോജക്ട് | പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 25/22 ഭവനപുനരുദ്ധാരണം-(എസ്.സി.പി) | തങ്കമ്മ, മഹേഷ് ഭവൻ | 50,000/- | 4/21.03.22 |
| | ചന്ദ്രിക കാവുവിള പടിഞ്ഞാറ്റതിൽ | 50,000/- | 6/25.03.22 |
| 121/22, ഭവനപുനരുദ്ധാരണം-ജനറൽ | ലൈലാ ബീവി ,മുകളുവിള തെക്കതിൽ | 24,000/- | 3/18.03.22 |
| | ഓമന .എൻ, അമ്പലത്തിനാൽ ഭവൻ | 24,000/- | 3/18.3.22 |
| | അംബിക കല്ലാംകുന്നിൽ വീട് | 24,000/- | 3/18.3.22 |
| | സരസു ചരുവിള പുത്തൻ വീട് | 24,000/- | 3/18.3.22 |
| | സമീന, നിസാർ മൻസിൽ | 24,000/- | 3/18.3.22 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തങ്കമ്മ, മഹേഷ് ഭവൻ എന്ന വ്യക്തി 55,887/- രൂപയുടെ വാല്യുവേഷൻ ഹാജരാക്കിയിട്ടുള്ളതിൽ മുൻകൂർ കഴിച്ച് 5,887/- രൂപയും ചന്ദ്രിക കാവുവിള പടിഞ്ഞാറ്റതിൽ 60,313/- രൂപയുടെ വാല്യുവേഷൻ ഹാജരാക്കിയിട്ടുള്ളതിൽ മുൻകൂർ കഴിച്ച് 10,313/- രൂപയും ഉടനെ നൽകുന്നതാണെന്ന് ബാക്കിയുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വാല്യുവേഷൻ

ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് തുക നൽകി വിവരം അറിയിക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 2,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 7/28-9-22

തടസ്സപ്പെടത്തിയ തുക – 2,20,000/- രൂപ

1-18 ഒ.ഡി.എഫ്, ഒ.ഡി.എഫ് പ്ലസ്അഡ്വാൻസായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഓ നിർവഹണം നടത്തിയ ഒ.ഡി.എഫ്, ഒഡി.എഫ് പ്ലസ് പ്രോജക്ടുകളിൽ കക്കൂസ് നിർമ്മാണത്തിനായി ആകെ 15,400/- രൂപ വീതം സബ്സിഡി നൽകാൻ ആണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിൽ അഡ്വാൻസായി 3,400/- രൂപ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ, പ്രോജക്ട് | പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| ഒ.ഡി.എഫ്, ഒഡി.എഫ് പ്ലസ് 204/22, (സി.എഫ്.സി) | മധു, മഹിശ്രീ | 3,400/- | XVFC/2021-22 P-41/23.3.22 |
| | സിന്ധുവേണുഗോപാൽ, വിഷ്ണുഭവൻ | 3,400/- | |
| | ഷെരീഫാബീവി, ഷാനവാസ് മൻസിൽ | 3,400/- | |
| | തങ്കമണിയമ്മ, കലാഭവൻ | 3,400/- | |
| | ഹസ്സൻകുട്ടി, ചരുവിള പടിഞ്ഞാറ്റതിൽ | 3,400/- | |
| | ശ്രീകല, അംബിക വിലാസം | 3,400/- | |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ഗുണഭോക്താക്കളുടെ ശുചിമുറി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുവെന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകി രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 20,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 7/28-9-22

തടസ്സപ്പെടുത്തിയ തുക – 20,400/- രൂപ

1-19 എസ്.സി. കുട്ടികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവഹണം നടത്തിയ എസ്.സി. കുട്ടികൾക്ക് പഠനമുറി എന്ന പദ്ധതിയ്ക്കായി അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് – എസ്.സി കുട്ടികൾക്ക് പഠനമുറി

പ്രോജക്ട് നമ്പർ – 30/22

അടങ്കൽ – 7,50,000/- രൂപ

ചെലവ് – 1,00,000/- രൂപ

ബിൽ നമ്പർ – 7/25-3-22

എസ്.സി. കുട്ടികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി മേൽ ബില്ല് പ്രകാരം 50,000/- രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയ ശാന്തി സന്തോഷ്, സതീഷ് എന്നീ ഗുണഭോക്തക്കൾ നാളിതുവരെ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി യായി പഠനമുറി പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു നൽകി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു നൽകി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 7/28-9-22
തടസ്സപ്പെടുത്തിയ തുക – 1,00,000/- രൂപ

**1-20 തനതുഫണ്ടിൽ നിന്നും അനുവദിച്ച തുകയ്ക്ക് മരുന്ന വാങ്ങാതെ തുക അക്കൗണ്ടിൽ സൂക്ഷിക്കുന്നു.**

പ്രോജക്റ്റ് – കോവിഡ് രോഗബാധയുടെ പ്രതിരോധപ്രവർത്തനങ്ങൾ – പരിരക്ഷാ പ്രവർത്തനങ്ങൾ

പ്രോജക്റ്റ് നം. 118/22

പ്രോജക്റ്റിന്റെ ബിൽ നമ്പർ 1 പ്രകാരം 19-5-21 തീയതിലെ 29136994 നമ്പർ ചെക്ക് പ്രകാരം 1,68,318/- രൂപ മെഡിക്കൽ ഓഫീസറുടെ ട്രഷറി അക്കൗണ്ടായ 704041400000125 നമ്പർ അക്കൗണ്ടിലേക്ക് നൽകി. ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയിരിക്കുന്ന ബിൽ പ്രകാരം ഈ തുക താഴെ പറയും പ്രകാരം ഉള്ള സ്ഥാപനങ്ങളുടെ പെർഫോർമാ ഇൻവോയ്സ് പ്രകാരം തുക പിൻവലിക്കാൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| Item | Invoice Number | Amount |
|---|---|---|
| IHDB | 6978@N/2021/5/7-5-21 | 1,41,198/- |
| Medpha Surgicals | 87/12-5-21 | 27,120/- |

എന്നാൽ മെഡിക്കൽ ഓഫീസർ ഈ തുക താഴെ പറയും പ്രകാരം ആണ് ചെലവഴിച്ചിരിക്കുന്നത്.

| സ്ഥാപനം | ഇനം | ഇൻവോയ്സ് നമ്പർ | തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| മെഡ് ഫാ സർജിക്കൽസ് | പൾസ് ഓക്സിമീറ്റർ | 87/12-5-21 | 27,120/- | 5017862/31-5-20 |
| | P.p.e Kit<br>Face Sheild | 103/21-5-21 | 29,690/- | 5017861/21-5-20 |

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയതിൽ ബാക്കി തുക ആയ 1,11,508/-രൂപ നാളിതുവരെ ചെലവഴിച്ചതിന്റെയോ പഞ്ചായത്തിൽ തിരിച്ചടച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക ഉടനെ തിരിച്ചടയ്ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,11,508/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/28-9-22
തടസ്സപ്പെടുത്തിയ തുക – 1,11,508/- രൂപ

**1-21 വാങ്ങുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല.**

വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കുമ്പോൾ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ഡി.ഡി.എം.എസ് പ്രകാരം നിരക്ക് രേഖപ്പെടുത്തുന്നതും കൃത്യമായിട്ടല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | തുക കൈപ്പറ്റിയ സ്ഥാപനം | പി.ആർഎഫ് നമ്പർ | തുക | ഡി.ഡി.എം.എസ് പ്രകാരം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് | കുറിപ്പ് |
|---|---|---|---|---|---|
| എഫ്.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ | കെ.എം.എസ്.സി.എൽ | PRF893/24-6-21 | 10,00,000/- | 10,58,853/- | |
| | IHDB | PR 7856@N/2021/10/ | 3,41,700/- | 5,54,623.92/- | |

| | | | | | |
|---|---|---|---|---|---|
| | | 5-10-21 | | | |
| | | PR 8538@N/2022/3/ 15-3-22 | 4,40,000/- (417458.8+ 22541.5) | 9,636/- | 417458.8 രൂപയുടെ മരുന്ന ലഭ്യമായത് ലോക്കൽ പർച്ചേസ് രജിസ്റ്ററിൽ ചേർത്ത് Entered In DDMS എന്ന് ചേർത്ത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും DDMSൽ ചേർത്തിട്ടില്ല<br>22541.5 രൂപയുടെ മരുന്ന വന്നുവെങ്കിലും 9636/- രൂപയുടെ മരുന്ന മാത്രമാണ് DDMSൽ രേഖപ്പെടുത്തിയിരിക്കുന്നത്. |
| കോവിഡ് പ്രതി രോധ പ്രവർത്ത നങ്ങൾ 118/22 | IHDB | 7249@N/2021/5/ 26-5-21 | 44,896/- | 1,11,575.82/- | |
| | | 7373@N/2021/6/ 12-6-21 | 58,075/- | 0 | |
| പാലിയേറ്റീവ് കെയർ 198/22 | IHDB | 7936@N/2021/11/ 2-11-21 | 35,000/- | 36,506.54/- | |
| പാലിയേറ്റീവ് കെയർ 15/22 | IHDB | 7317@N/2021/6/ 5-6-21 | 30,431/- | 31,373.77/- | |
| | | 8231@N/2022/1/ 30-1-22 | 1,11,110/- | 1,22,337.6/- | |
| | | 8265@N/2022/2/ 5-2-22 | 1,76,705 | 2,12,412.2/- | |
| | | 8349@N/2022/2/ 21-2-2022 | 50,184/- | 0 | |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഡി.ഡി.എം.എസിൽ സ്റ്റോക്ക് എടുത്തപ്പോൾ നിരക്ക് രേഖപ്പെടുത്തിയതിലുള്ള വ്യത്യാസം ആണ് ഇൻവോയ്സിലെ തുകയെക്കാൾ കൂടുതലും കുറവും ആയി രേഖപ്പെടുത്തലുകൾ വന്നിരിക്കുന്നത് എന്നും ചില ഇൻവോയ്സ് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് മരുന്ന ലഭ്യമായില്ല എന്ന പരാമർശം വന്നത് എന്നും ഒരു തവണ ഡി.ഡി.എം.എസിൽ സേവ് ചെയ്ത ഇനങ്ങൾ പിന്നീട് മാറ്റം വരുത്താൻ കഴിയാത്തതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/28-9-22

## 1-22 പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, തുകയുടെ വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണവിവരവും ചെലവ് തുകയുടെ വിനിയോഗ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര്-നമ്പർ | ചെലവഴിച്ച തുക-ഫണ്ട് | ചെക്ക് നമ്പർ-തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | പോസ്റ്റ് ഷിഫ്റ്റിംഗ്-207/22 | 6,10,353/- | 15960/-(6826330 /02-11-21) | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | | (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 1,06,234/-,<br>തനത് ഫണ്ട്- 5,04,119/-) | 28126/-(6826881/10-11-21)<br>28267/-(6826336 /23-11-21)<br>24235/-(6826357 /04-02-22)<br>90603/-(6826358 /05-02-22)<br>254698/-(6826363 /25-02-22)<br>23009/-(6826377 /26-03-22)<br>39221/-(6826378 /2-03-22)<br>37927/-(XXFC/21-22 /P/37)<br>19073/-(XXFC/21-22 /P/39)<br>43764/-(XXFC/21-22 /P/38)<br>5470/-(XXFC/21-22/P/37) | |
| 2 | വിവിധ - വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ – ഡെപ്പോസിറ്റ് വർക്ക്-273/22 | 25,73,040/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 358/22-03-2022 | കേരള വാട്ടർ അതോറിറ്റി |
| 3 | പത്തനാപുരം താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് – ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ-138/22 | 15,00,000/-(തനത്ഫണ്ട്) | 19/11-06-2021<br>(Traditional Functions Fund ൽ നിന്നും പത്തനാപുരം സബ്ട്രഷറി അക്കൗണ്ടിലേക്ക്-799011400002551 -TC ചെയ്തു) | പത്തനാാപുരം ബ്ലോക്ക് പഞ്ചായത്ത് |
| | ആകെ | 46,83,393/- | | |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി വിനിയോഗരേഖ ആവശ്യപ്പെട്ട് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 46,83,393/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 20/01-10-2022

ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക - 46,83,393/- രൂപ

## 1-23 വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി മാർഗ്ഗരേഖ പാലിക്കാതെ സബ്സിഡി അധികം നല്കി

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ പദ്ധതികളുടെ പരിശോധനയിൽ മാർഗ്ഗരേഖ പാലിക്കാതെ സബ്സിഡി അധികം നല്കിയിട്ടുള്ളതായി കാണുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20 ലെ ജി.ഒ (ആർ.ടി) 1009/20 നം. ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലുകൾ, വൗച്ചറുകൾ എന്നിവ പരിശോധന നടത്തി ചെലവുകൾ യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്തി പദ്ധതി ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. കുളം നിർമ്മിക്കൽ മുതലായ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ പദ്ധതി ചെലവിൽ നിന്നും സബ്സിഡി തുകയും ഗുണഭോക്തൃവിഹിതവും നിശ്ചയിച്ച് സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് തദ്ദേശഭരണസ്ഥാപനത്തിനും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പിനും അനുവദിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1. സുഭിക്ഷ കേരളം മത്സ്യകൃഷിക്ക് ധനസഹായം

| | |
|---|---|
| പ്രോജക്ട് നം | 145/22 |
| അടങ്കൽ തുക | 18,45,000/- രൂപ<br>(വികസനഫണ്ട് ജനറൽ - 2,13,200/-,<br>ബ്ലോക്ക് വിഹിതം – 2,78,800/-<br>ഗുണഭോക്തൃവിഹിതം - 13,53,000/-) |
| ചെലവഴിച്ച തുക | 1,07,677/-രൂപ (വികസനഫണ്ട് ജനറൽ – ബിൽ നം. 1/13-10-21) |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20ലെ ജി.ഒ (ആർ.ടി) 1009/20 നം ഉത്തരവ് ഖണ്ഡിക 4.2 പ്രകാരം ആകെ യൂണിറ്റ് ചെലവ് - 1,23,000/- രൂപ, ഗുണഭോക്തൃവിഹിതം - 73,800/- രൂപ, നല്കാവുന്ന പരമാവധി സബ്സിഡി - ആകെ 49,200/- (1,23,000-73,800) രൂപ, തദ്ദേശഭരണസ്ഥാപനം - 32,800/- രൂപ, ഫിഷറീസ് വകുപ്പ് - 16,400/- രൂപ.

എ). അടിസ്ഥാന സൗകര്യ വികസനം- 74,000/- രൂപ (കുളം കുഴിക്കൽ - 18,400/-, പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും – 38,000/-, വാട്ടർ പമ്പ്-വെഞ്ചുർ പമ്പ് സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ – 17,600/-)

ബി). പ്രവർത്തനചെലവുകൾ 49,000/- രൂപ (മത്സ്യവിത്ത്- 6,000/- രൂപ, തീറ്റ – 41,000/- രൂപ, മെഡിസിൻ – 2,000/- രൂപ)

| ക്രമ നം | പേര് | വൗച്ചർ പ്രകാരം ചെലവഴിച്ച തുക | മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന സബ്സിഡി തുക | ആകെ ചെലവ് | ആകെ പദ്ധതി ആനുകൂല്യം (40%) തുക | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് അനുവദിക്കാവുന്ന സബ്സിഡി (2/3) | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|---|---|
| 1 | ഷിഹാബ് . എസ്, ആശാരഴികത്ത് ആവണീശ്വരം | 91918/- കുളം കുഴിക്കൽ, 23100/- ബണ്ട് രൂപീകരണം- 44200/-<br>വാട്ടർപമ്പ് - വെഞ്ചുറി പമ്പ് – 15427 സംരക്ഷിതവല, | കുളം കുഴിക്കൽ- 18,400/- ബണ്ട് രൂപീകരണം- 38,000/- വാട്ടർപമ്പ്- വെഞ്ചുറി പമ്പ്, സംരക്ഷിതവല, | 79,750/- | 31,900/- | 21,267/- | 30,725/- | 9,458/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | മറ്റ് ഉപകരണങ്ങൾ- 3041- മത്സ്യവിത്ത്- 3750/- പ്രോ- ബയോട്ടിക് മെഡിസിൻ- 2400/- | മറ്റ് ഉപകരണങ്ങൾ – 17,600/- മത്സ്യവിത്ത് – 3,750/- പ്രോ- ബയോട്ടിക് മെഡിസിൻ – 2,000/- | | | | | |
| 2 | അബ്ദുൾകലാം , ടി.കെ ഹൗസ് , കുന്നിക്കോട് | 106542/- കുളംകുഴിക്കൽ, - 39000/- ബണ്ട് രൂപീകരണം - 39292/- വാട്ടർപമ്പ്- വെഞ്ചുറി പമ്പ് - 20895 സംരക്ഷിതവല, - 1405 മത്സ്യവിത്ത്- 3750/- പ്രോ- ബയോട്ടിക് മെഡിസിൻ- 2400/- | കുളം കുഴിക്കൽ- 18,400/- ബണ്ട് രൂപീകരണം- 38,000/- വാട്ടർപമ്പ്- വെഞ്ചുറി പമ്പ്, സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ – 17,600/- മത്സ്യവിത്ത് – 3,750/- പ്രോ- ബയോട്ടിക് മെഡിസിൻ – 2,000/- | 79,750/- | 31,900/- | 21,267/- | 31,002/- | 9,735/- |
| 3 | സ്റ്റീഫൻ ഫ്രെഡി, തോണിക്കടവിൽ പുത്തൻ വീട് , കാര്യറ, പി.ഓ | 132969/- കുളംകുഴിക്കൽ, 20490/- ബണ്ട് രൂപീകരണം- 54644 വാട്ടർപമ്പ്- വെഞ്ചുറി പമ്പ്, - 19980/- സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ- 29455/- മത്സ്യവിത്ത്- 6000/- പ്രോ- ബയോട്ടിക് മെഡിസിൻ- 2400/- | കുളം കുഴിക്കൽ- 18,400/- ബണ്ട് രൂപീകരണം- 38,000/- വാട്ടർപമ്പ്- വെഞ്ചുറി പമ്പ്, സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ – 17,600/- മത്സ്യവിത്ത് – 6,000/- പ്രോ- ബയോട്ടിക് മെഡിസിൻ – 2,000/- | 82,000/- | 32,800/- | 21,867/- | 32,800/- | 10,933/- |
| 4 | ആനന്ദൻ .ജെ പുല്ലാഞ്ഞിയോട്ട് വീട്, | 47800/- കുളംകുഴിക്കൽ, | കുളം കുഴിക്കൽ- 18,400/- | 44,800/- | 17,920/- | 11,947/- | 13,600/- | 1,653/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എലിക്കോട്ട് | ബണ്ട് രൂപീകരണം- 19200/-<br>വാട്ടർപമ്പ്- വെഞ്ചുറി പമ്പ്, - 16000/- സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ- 4200/-<br>മത്സ്യവിത്ത്- 6000/-<br>പ്രോ- ബയോട്ടിക് മെഡിസിൻ- 2400/- | ബണ്ട് രൂപീകരണം- 19,200/-<br>വാട്ടർപമ്പ്- വെഞ്ചുറി പമ്പ്,<br>സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ – 17,600/-<br>മത്സ്യവിത്ത് – 6,000/-<br>പ്രോ- ബയോട്ടിക് മെഡിസിൻ – 2,000/- | | | | | |
| | | | | | | | ആകെ | 31,779/- |

മേൽ ഗുണഭോക്താക്കൾക്ക് തീറ്റയിനത്തിൽ ചെലവായ തുകയുടെ വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സുഭിക്ഷ കേരളം -വീട്ടു വളപ്പിലെ പടുതാ കുളത്തിലെ മത്സ്യകൃഷി

| | |
|---|---|
| പ്രോജക്ട് നം | 39/22 |
| അടങ്കൽ തുക | 1,23,000/- രൂപ ( വികസനഫണ്ട്-)<br>90,200/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ചെലവഴിച്ച തുക | 32,800/- രൂപ (വികസനഫണ്ട്-<br>- ബിൽ നം. 3/14-3-22) |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20ലെ ജി.ഒ (ആർ.ടി) 1009/20 നം ഉത്തരവ് ഖണ്ഡിക 4.2 പ്രകാരം ആകെ യൂണിറ്റ് ചെലവ് - 1,23,000/-രൂപ, ഗുണഭോക്തൃവിഹിതം - 73,800/-രൂപ നല്കാവുന്ന പരമാവധി സബ്സിഡി - ആകെ 49,200/-(1,23,000 - 73,800)രൂപ, തദ്ദേശഭരണസ്ഥാപനം - 32,800/-രൂപ ഫിഷറീസ് വകുപ്പ് - 16,400/-രൂപ

എ). അടിസ്ഥാന സൗകര്യ വികസനം- 74,000/-രൂപ (കുളം കുഴിക്കൽ – 18,400/-, പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും – 38,000/-, വാട്ടർ പമ്പ്-വെഞ്ചർ പമ്പ് സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ – 17,600/-)

ബി). പ്രവർത്തനചെലവുകൾ 49,000/-രൂപ (മത്സ്യവിത്ത്- 6,000/-രൂപ, തീറ്റ – 41,000/-, മെഡിസിൻ – 2,000/-)

| ക്രമ നം | പേര് | വൗച്ചർ പ്രകാരം ചെലവഴിച്ച തുക | പരമാവധി നൽകാവുന്ന സബ്സിഡി തുക | ആകെ ചെലവ് | ആകെ പദ്ധതി ആനുകൂല്യം (40%) തുക | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് അനുവദിക്കാവുന്ന സബ്സിഡി(2/3) | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|---|---|
| 1 | ഇബ്രാഹിംകുട്ടി, പാറക്കുന്നിൽ വീട് | 91918/-<br>കുളം കുഴിക്കൽ, 19000/-<br>ബണ്ട് രൂപീകരണം -42384/- | കുളം കുഴിക്കൽ- 18,400/-<br>ബണ്ട് രൂപീകരണം- 38,000/- | 82000/- | 32800/- | 21867/- | 32800/- | 10933/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | വാട്ടർപമ്പ്-<br>വെഞ്ചുറി പമ്പ് – 18500/-<br>സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ- 38856 + 2110<br>മത്സ്യവിത്ത്- 6000/-<br>പ്രോ-ബയോട്ടിക് മെഡിസിൻ- 2290/- | വാട്ടർപമ്പ്-<br>വെഞ്ചുറി പമ്പ്, സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ – 17,600/-<br>മത്സ്യവിത്ത് – 6,000/-<br>പ്രോ-ബയോട്ടിക് മെഡിസിൻ – 2,000/- | | | | | |

3) സുഭിക്ഷ കേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി (ജനറൽ)

(തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20ലെ ജി.ഒ (ആർ.ടി) 1009/20 നം ഉത്തരവ് ഖണ്ഡിക 4.3 പ്രകാരം) ആകെ യൂണിറ്റ് ചെലവ്- 1,38,000/-രൂപ ഗുണഭോക്തൃവിഹിതം- 82,800/-, നല്കാവുന്ന പരമാവധി സബ്സിഡി – ആകെ 55,200/- (1,38,000-82,800) തദ്ദേശഭരണസ്ഥാപനം- 36,800/-ഫിഷറീസ് വകുപ്പ് 18,400/-

എ). അടിസ്ഥാന സൗകര്യ വികസനം 92,000/- രൂപ (ടാങ്ക് പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചത് – 35,000/-, മേൽക്കൂര – 5,600/-വൈദ്യുതീകരണം, പ്ലംബിങ്ങ്, എയർ പമ്പ്-ജനറേറ്റർ മറ്റ് സൗകര്യങ്ങൾ- 51,400/-)

ബി). പ്രവർത്തനചെലവുകൾ 46,000/-രൂപ(മത്സ്യക്കുഞ്ഞ്- 10,000/-രൂപ, തീറ്റ- 23,300/-രൂപ, മറ്റ് ചെലവുകൾ- 12,700/-രൂപ) ഹാജരാക്കിയ രേഖകൾ പ്രകാരം നല്കേണ്ടിയിരുന്നതും അധികം നല്കിയതുമായ സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. 146/21 | |
|---|---|
| അടങ്കൽ തുക | 2,76,000/-രൂപ<br>(വികസനഫണ്ട് ജനറൽ - 36,800/-,<br>തനതുഫണ്ട്- 36,800/-<br>ഗുണഭോക്തൃ വിഹിതം - 2,02,400/- ) |
| ചെലവഴിച്ച തുക | 36,800/-രൂപ (വികസന ഫണ്ട് ജനറൽ-<br>ബിൽ നം 2/13-10-21, |

ഹാജരാക്കിയ രേഖകൾ പ്രകാരം നല്കേണ്ടിയിരുന്നതും അധികം നല്കിയതുമായ സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വൗച്ചർ പ്രകാരം ചെലവഴിച്ച തുക | പരമാവധി നൽകാവുന്ന യൂണിറ്റ് കോസ്റ്റ് | അനുവദനീയമായ ആകെ പദ്ധതി ആനുകൂല്യം (40%) | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് അനുവദിയ്ക്കാവുന്ന സബ്സിഡി (2/3) | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|---|
| 1 | ഷാജഹാൻ സി.എം, ദാർ-എ-സലാം, കുന്നിക്കോട് | 1,19,660/- | 92,000/- | 36,800/- | 24,533/- | 36,800/- | 12,267/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൃഷ്ണകുമാർ നെല്ലിവിള വീട് വിളക്കുടി | 1,56,290/- | 92,000/- | 36,800/- | 24,533/- | 36,800/- | 12,267/- |
| | | | | | | | 24,534/- |

തദ്ദേശ ഭരണ സ്ഥാപനവും ഫിഷറീസ് വകുപ്പും സബ്സിഡി തുകയുടെ 2/3 ഭാഗവും 1/3 ഭാഗവും യഥാക്രമം ചെലവഴിക്കുന്നതിനാണ് 29.05.2020 ലെ സ.ഉ.(സാധാ)നം.1009/20/തസ്വഭവ പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതികളിൽ ഫിഷറീസ് വകുപ്പിന്റെ സബ്സിഡി ആനുകൂല്യം നൽകിയതായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കർഷകർക്ക് അടിസ്ഥാനചെലവുകളുടെയും തീറ്റ ഒഴികെയുള്ള പ്രവർത്തന ചെലവുകളുടെയും സബ്സിഡി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നാണ് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളത്. തീറ്റയുടെ ചെലവിനത്തിലെ വൌച്ചറുകളും ഗുണഭോക്തൃ ചെലവുകളും ലഭ്യമാക്കിയിട്ടില്ല. ഫലത്തിൽ പദ്ധതി നിർവഹണത്തിൽ തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ മൂന്ന് പദ്ധതികളിലുമായി സബ്സിഡിയിനത്തിൽ തദ്ദേശ ഭരണസ്ഥാപനത്തിൽനിന്ന് ചെലവുചെയ്ത 67,246/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക ഫിഷറീസ് വകുപ്പിൽ നിന്ന് ലഭ്യമാക്കി സബ്സിഡിയിൽ ക്രമീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 67,246/- രൂപ
ഓഡിറ്റ് എൻക്വയറി നം – 8/29-9-22

1-24 വൈദ്യശാല - കനാൽ റോഡ് റീ കോൺക്രീറ്റ് - കൺവീനർക്ക് അധികം തുക നൽകി - നിരാകരണം - 4588/- രൂപ

പ്രോജക്ട് നമ്പർ - 66/22

നിർവഹണം - അസി. എഞ്ചിനീയർ

അടങ്കൽ തുക - 50,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കൺവീനർ - സുബേർ. എം.

എഗ്രിമെന്റ് നം./തീയതി - 41/AE/LID & EW/VP/21-22/10.12.2021.

M.Book No. 245/2021.

ബിൽ നം. 26/21-22/11.2.22 - 49,563/- രൂപ
കൺവീനർക്ക് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 44,253/- രൂപ

(+) 12% GST- 5,310/-

-----------

49563/-

(-) IT 2% - 885

(-) WWF 1% - 443

(-) SGST 1%- 443

(-) CGST 1%- 443
------------ 2,214/-

കൺവീനർക്ക് നൽകിയത് = 47,349/-രൂപ

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് | തുക (രൂ) | ഇൻവോയ്സ് നം./തീയതി |
|---|---|---|---|---|
| 1 | എം.സാന്റ് | 168 CFT | 9,173/- | BB/22397/2021-22/30.12.21, ദർശൻ ഗ്രാനൈറ്റ്സ്, കലഞ്ഞൂർ. |
| 2 | 20mm മെറ്റൽ | 170 CFT | 6,248/- | BB/22981/2021-22/3.1.22 ദർശൻ ഗ്രാനൈറ്റ്സ്, കലഞ്ഞൂർ. |
| 3 | സിമെന്റ് | 30 Bags | 11,100/- | 622/31.12.2021, ഭഗവതി സിമെന്റ്സ്, വിളക്കുടി. |
| 4 | മസ്റ്റർ റോൾ | --- | 16,240/- | |
| ആകെ | | | 42,761/- | |

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം, എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. ഇതുപ്രകാരം, ഗുണഭോക്തൃസമിതി കൺവീനർക്ക് അനുവദിക്കാവുന്ന തുക 42,761/- രൂപ മാത്രമാണ്. കൺവീനർക്ക് അധികം നൽകിയ തുക 4,588/- രൂപ (47349-42761=4588/-) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കൺവീനറിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 12/30.9.2022

1-25 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല - 2,86,9673/-രൂപ

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, വിളക്കുടി ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (രൂ) |
|---|---|---|
| 1 | 2016-17 | 6,000/- |
| 2 | 2017-18 | 20,300/- |
| 3 | 208-19 | 1,43,248/- |
| 4 | 2019-20 | 24,615/- |
| 5 | 2020-21 | 40,374/- |
| 6 | 2021-22 | 52,436/- |
| ആകെ | | 2,86,973/- |

ടി തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-26 പ്രോജക്ട് നം. 119/22 - പാലിന് സബ്സിഡി (സ്പിൽ ഓവർ) - അധിക നിരക്കിൽ അനുവദിച്ചു.

നിർവഹണം - ഡയറി ഫാം ഇൻസ്പക്ടർ

അടങ്കൽ തുക - 3,00,729/- രൂപ (വികസന ഫണ്ട് ജനറൽ- 1,00,729 + ജില്ലാപഞ്ചായത്ത്- 2,00,000)

ചെലവഴിച്ച തുക - 1,00,729/- രൂപ (വികസന ഫണ്ട് ജനറൽ)

ബിൽ നം. 1/21-22/6.11.2021.

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ക്ഷീരോത്പാദക | പാൽ | ആകെ | 3 രൂപ ക്രമത്തിൽ | 4 രൂപ | അധികം |
|---|---|---|---|---|---|---|

| നം. | സഹകരണ സംഘത്തിന്റെ പേര് | അളന്ന മാസങ്ങൾ | അളന്ന പാലിന്റെ അളവ് (ലിറ്റർ) | അനുവദിക്കാവുന്ന സബ്സിഡി നിരക്ക്(രൂ) | ക്രമത്തിൽ അനുവദിച്ച സബ്സിഡി തുക(രൂ) | നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | കുന്നിക്കോട് ക്ഷീരോത്പാദക സഹകരണസംഘം ലിമിറ്റഡ്- Q-53 (D) | 1/21, 2/21 | 11983 | 35,949/- | 47,932/- Limited To 47,929/- | 11,980/- |
| 2 | കാര്യറ സെൻട്രൽ ക്ഷീരോത്പാദക സഹകരണസംഘം ലിമിറ്റഡ്- Q-179(D) | 1/21, 2/21 | 13200 | 39,600/- | 52,800/- | 13,200/- |
| ആകെ | | | | 75,549/- | 1,00,729/- | 25,180/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച 14.02.2018-ലെ സ.ഉ.(കൈ). നം. 22/18/തസ്വഭവ ഉത്തരവിൽ, ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന 1/- രൂപ, ഉൾപ്പടെ ലിറ്ററിന് 4/-രൂപ നിരക്കിൽ ഒരു വർഷം പരമാവധി 40,000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഡയറി ഫാം ഇൻസ്ട്രക്ടർ തൻവർഷം നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ സബ്സിഡി തുക മുഴുവനും പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നുമാണ് നൽകിയിരിക്കുന്നത്. ഇത് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 2/26.9.22) മറുപടിയിൽ ക്ഷീരവികസന വകുപ്പിൽ നിന്നും സബ്സിഡിയിനത്തിൽ തുകയൊന്നും ലഭിക്കാത്തതിനാലാണ് ലിറ്ററിന് 4 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചതെന്ന് പരാമർശിച്ചിരിക്കുന്നു. 4 രൂപ ക്രമത്തിൽ സബ്സിഡി നൽകിയതിനാൽ അധികമായി ചെലവഴിച്ച 25,180/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിലവിലുള്ള മാർഗ്ഗ രേഖകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് ചെലവഴിക്കാവുന്ന പരമാവധി സബ്സിഡി 3 രൂപ ക്രമത്തിലായതിനാൽ, അധികമായി നൽകിയ സബ്സിഡി തുക ക്ഷീരവികസന വകുപ്പിൽ നിന്ന് ലഭ്യമാക്കി ക്രമീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 2/26.9.22

തടസ്സപ്പെടുത്തിയ തുക – 25,180/- രൂപ

1-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2021-22 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 10,50,20,000/-രൂപ വകയിരുത്തി 210040 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 189010 തൊഴിൽദിനങ്ങൾ (89.98%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 6,44,82,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 61.39%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1137 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ് ജല | 421 | 362 | 362 | -- | 85.98 |

| | | | | | | |
|---|---|---|---|---|---|---|
| | സംരക്ഷണ പ്രവൃത്തികൾ | | | | | |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 195 | 115 | 77 | 38 | 39.48 |
| 3 | റോഡ് കോൺക്രീറ്റ് | 20 | 10 | 7 | 3 | 35 |
| 4 | കനാൽ പ്രവൃത്തികൾ | 22 | 3 | 3 | -- | 13.63 |
| 5 | ഫലവൃക്ഷം നടീൽ | 6 | 2 | 2 | -- | 33.33 |

വ്യക്തിഗത പ്രവൃത്തികൾ എന്ന ഇനത്തിൽ 38 എണ്ണവും, റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 3 എണ്ണവും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11/30.9.22) അസി. എഞ്ചിനീയർ (MGNREGS) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തിഗത പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നതിന് ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും സാമ്പത്തിക ബുദ്ധിമുട്ട് അടക്കമുള്ള വ്യക്തിപരമായ കാരണങ്ങൾ ഉണ്ടെന്നും, മെറ്റീരിയൽസ് സപ്ലൈ ചെയ്യാത്തതിനാൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചില്ല എന്നും പരാമർശിച്ചിരിക്കുന്നു. എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വൈദ്യശാല - കനാൽ റോഡ് റീ കോൺക്രീറ്റ് - കൺവീനർക്ക് അധികം തുക നൽകി - നിരാകരണം - 4,588/- രൂപ

പ്രോജക്ട് നമ്പർ - 66/22

നിർവഹണം - അസി. എഞ്ചിനീയർ

അടങ്കൽ തുക - 50,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കൺവീനർ - സുബേർ. എം.

എഗ്രിമെന്റ് നം,/തീയതി- 41/AE/LID & EW/VP/21-22/10.12.2021.

M.Book No.245/2021.

ബിൽ നം. 26/21-22/11.2.22 - 49,563/- രൂപ

ആകെ പ്രവൃത്തി മൂല്യം - 44,253/- രൂപ

(+) 12% GST- 5,310/-

-----------

49563/-

(-) IT 2% - 885

(-) WWF 1% - 44

(-) SGST 1%- 443

(-) CGST 1%- 443

........................ 2,214/-

കൺവീനർക്ക് നൽകിയത് = 47,349/-രൂപ

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് | തുക (രൂ) | ഇൻവോയ്സ് നം./തീയതി |
|---|---|---|---|---|
| 1 | എം.സാന്റ് | 168 CFT | 9,173/- | BB/22397/2021-22/30.12.21,<br>ദർശൻ ഗ്രാനൈറ്റ്സ്, കലഞ്ഞൂർ. |
| 2 | 20mm മെറ്റൽ | 170 CFT | 6,248/- | BB/22981/2021-22/3.1.22<br>ദർശൻ ഗ്രാനൈറ്റ്സ്, കലഞ്ഞൂർ. |
| 3 | സിമെന്റ് | 30 Bags | 11,100/- | 622/31.12.2021,<br>ഭഗവതി സിമെന്റ്സ്, വിളക്കുടി. |
| 4 | മസ്റ്റർ റോൾ | --- | 16,240/- | |
| ആകെ | | | 42,761/- | |

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം, എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. ഇതുപ്രകാരം, ഗുണഭോക്തൃസമിതി കൺവീനർക്ക് അനുവദിക്കാവുന്ന തുക 42,761/- രൂപ മാത്രമാണ്. കൺവീനർക്ക് അധികം നൽകിയ തുക 4,588/- രൂപ (47,349 - 42,761 = 4,588/-) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കൺവീനറിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.9.2022) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.
നിരാകരിക്കുന്ന തുക – 4,588/- രൂപ

3-2 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ - 23/22, വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.സി. വിഭാഗം)

ഫണ്ട് - 6,96,000/- (എസ്.സി.പി )

ചെലവ് - 6,96,000/- (ബിൽ നം- 12/2021-22/17-02-2022- 3,48,000/-,

ബിൽ നം - 13/2021-22/25-02-2022- 3,48,000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം സർക്കാർ ഏജൻസിയായ ആർട്ട്കോ ലിമിറ്റഡിൽ നിന്നും 4,350/-രൂപ ക്രമത്തിൽ 160 എണ്ണം കട്ടിലുകൾ വാങ്ങി (കാഷ് ഇൻവോയ്സ് നം. 215/14-02-2022 പ്രകാരം 80 എണ്ണം, കാഷ് ഇൻവോയ്സ് നം. 234/24-02-2022 പ്രകാരം 80 എണ്ണം, കാഷ് ഇൻവോയ്സ് നം 231/22-02-2022 പ്രകാരം 40 എണ്ണം). കട്ടിലുകളുടെ വിതരണ വിശദാംശങ്ങൾ പ്രകാരം ആകെ 155 കട്ടിലുകളുടെ കൈപ്പറ്റ് വിവരമാണ് ഉള്ളത്. അവശേഷിക്കുന്ന കട്ടിലുകൾ വിതരണം നടത്തിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ട് പോയതിനാലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽപ്പെട്ടവരല്ലെന്ന് അറിഞ്ഞതിനാലും

കട്ടിലുകൾ വിതരണം നടത്താതെ ഗവ. ആയുർവേദ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണെന്നും അടുത്ത വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. നൽകിയ മറുപടി പ്രകാരം എസ്.സി. വിഭാഗത്തിനുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കളായി എസ്.സി. വിഭാഗത്തിലല്ലാത്തവർ ഇടം നേടിയത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചയാണ് വെളിവാക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ച ശ്രദ്ധിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും കട്ടിലുകളുടെ തുകയായ 21,750/- രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 4/27-09-2022

നിരാകരിക്കുന്ന തുക - 21,750/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 23-09-2022, 24-9-2022 | കെ.എസ്.എ.കെ.എൽ.എം.പി.9/1821A/22, 13/12/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 71,500 | സുഭിക്ഷ കേരളം- സമഗ്രനെൽകൃഷി വികസനം | 71,500 | 0 |
| | | 1,40,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 22,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 22,000 | 0 |
| | | 1,21,316 | അനുപൂരക പോഷകാഹാര പരിപാടി | 1,21,316 | 0 |
| | | 2,68,691 | തിരുവഴി മുട്ടാശ്ശേരി റോഡ് കോൺക്രീറ്റ് | 2,68,691 | 0 |
| | | 4,48,804 | പേപ്പർമിൽ അമ്പലംകുന്ന് റേഷൻ കട റോഡ് റീടാറിംഗ് | 4,48,804 | 0 |
| | | 4,49,544 | സർക്കാർ മുക്ക് ഋതിയ തോട് റോഡ് റീടാറിംഗ് | 4,49,544 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതേറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -ഡെപ്പോസിറ്റ് വർക്ക് | XVFC2021-22P/33 | 25,73,040/- | 0 | 25,73,040/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ്- 207/22 | 15960/-(6826330/ 02-11-21)<br>28126/-(6826881/ 10-11-21)<br>28267/-(6826336/ 23-11-21)<br>24235/-(6826357/ 04-02-22)<br>90603/-(6826358/ 05-02-22)<br>254698/-(6826363/ 25-02-22)<br>23009/-(6826377/ 26-03-22)<br>39221/-(6826378/ 2-03-22)<br>37927/-(XXFC/21-22 /P/37)<br>19073/-(XXFC/21-22 /P/39)<br>43764/-(XXFC/21-22 /P/38)<br>5470/-(XXFC/21-22 /P/37) | 6,10,353/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്-1,06,234/;-<br>തനത് ഫണ്ട്- 5,04,119/-) | 0 | 6,10,353/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവും ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | 2,59,54,783/- | 30,50,666/- | 0 | 2,29,04,117/- |

.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000 |

വാർഷികധനകാര്യപത്രിക പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ 1,000/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,588/- | ശ്രീ. അരുൺ സേവ്യർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 21,750/- | ശ്രീമതി ജയശ്രീ, |

| | | | |
|---|---|---|---|
| | | | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,87,110/- | ഡോ. ബിന്നി സാമുവൽ, വെറ്ററിനറി സർജൻ |
| 1-15 | 50,092/- | ഡോ. മീരാറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 2,20,000/- | ശ്രീ. ജിജി ഗോപൻ, വി.ഇ.ഒ |
| 1-18 | 20,400/- | ശ്രീ. ജിജി ഗോപൻ, വി.ഇ.ഒ |
| 1-19 | 1,00,000/- | ശ്രീ. ജിജി ഗോപൻ, വി.ഇ.ഒ |
| 1-20 | 1,11,508/- | ഡോ. ലക്ഷ്മിശ്രീ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-22(1) | 6,10,353/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-22(2) | 25,73,040/- | ശ്രീ. സജി ജോൺ, സെക്രട്ടറി |
| 1-22(3) | 15,00,000/- | ശ്രീ. ശശികുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-23 | 67,246/- | ശ്രീമതി നിത്യ. എസ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-26 | 25,180/- | ശ്രീമതി ഗ്രീഷ്മ. ജി, ഡയറിഫാം ഇൻസ്ട്രക്ടർ |

(ബി).കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-7-1 | 76,800 |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-7-1 |

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബിന്നി സാമുവൽ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വിളക്കുടി ഗ്രാമപഞ്ചായത്ത് | പാലവിളയിൽ, ഏറത്തു കുളക്കട പി. ഒ, കുളക്കട. |
| ശ്രീ. ജിജി ഗോപൻ, വി.ഇ.ഒ | വി.ഇ.ഒ, പ്രമാടം ഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം, പെരുമണ്ണൂർ. പി. ഒ, വാളകം |
| അരുൺ സേവ്യർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വിളക്കുടി ഗ്രാമപഞ്ചായത്ത് | വേളാങ്കണ്ണിമാതാ, ഹൌസ് നമ്പർ-53, മൂദാക്കര, കൊല്ലം |
| ശ്രീമതി നിത്യ. എസ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് , നീണ്ടകര | വായലുശ്ശേരിയിൽ, പണ്ടാരത്തുരുത്ത്, ചെറിയഴിക്കൽ, കരുനാഗപ്പള്ളി |
| ശ്രീമതി ജയശ്രീ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വിളക്കുടി ഗ്രാമപഞ്ചായത്ത് | ദേവികൃപ, ഇ.എസ്.ഐ. ഹോസ്പിറ്റലിന് എതിർവശം, കേരളപുരം, വെള്ളിമൺ പി.ഒ, കൊല്ലം |
| ശ്രീ. ശശികുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് | അസി. സെക്രട്ടറി വിളക്കുടി ഗ്രാമപഞ്ചായത്ത് | യദുകുലം, നീരാവിൽ , പെരിനാട്. പി.ഒ, കൊല്ലം |
| ശ്രീ. സജി ജോൺ, | സെക്രട്ടറി, | കൊച്ചുപ്ലാവിള വീട്, ചിറ്റാകോട്, |

| | | |
|---|---|---|
| സെക്രട്ടറി | വിളക്കുടി ഗ്രാമപഞ്ചായത്ത് | മാറനാട്. പി.ഒ, കൊല്ലം |
| ഡോ. ലക്ഷ്മിശ്രീ,<br>മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി,<br>വിളക്കുടി ഗ്രാമപഞ്ചായത്ത് | 9/213, കൈതവിളാകം,<br>ചൂട്ടയിൽ, കിളിമാനൂർ. പി. ഒ,<br>691013 |
| ഡോ. മീരാറാണി,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മണിമന്ദിരം, പുറത്തിക്കാട്,<br>മലയിൻകീഴ്, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി-28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(6) തീയതി-28.04.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) തീയതി-28.04.18 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 1 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019) തീയതി-31.5.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 4 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019(10) തീയതി-31.5.19 | 4 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് /11-12&12-13/1524/22<br>തീയതി – 19.08.2022 | 16 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി9/1524/അദാലത്ത് /13-14&14-15/22<br>തീയതി – 19.08.2022 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി9/1558/അദാലത്ത് /15-16/22,<br>തീയതി – 19.08.2022 | 13 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1768/22 / 08.02.2022 | 32 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി9/1112/21(2) / 03.11.2021 | 17 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി9/1788/2021(5) / 20.12.2022 | 25 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി9/1248/21 / 27.4.22 | 43 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി9/1249/21 / 5.7.22 | 56 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് വകുപ്പ്, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്